പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1533 — 03-10-2011-ൽ മറുപടിയ്ക്ക്

# മത്സ്യമേഖലയിൽ നടപ്പിലാക്കിയ പുതിയ പദ്ധതികൾ

**ചോദ്യം**

ശ്രീ. പി.എ.മാധവൻ

ശ്രീ. റ്റി.എൻ.പ്രതാപൻ

**മറുപടി**

ശ്രീ.ഉമ്മൻ ചാണ്ടി

(മുഖ്യമന്ത്രി)

എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മത്സ്യമേഖലയിൽ നടപ്പിലാക്കിയ പുതിയ പദ്ധതികൾ എന്തെല്ലാമെന്ന് അറിയിക്കാമോ ;

എ) കടൽമാക്രിയുടെ ആക്രമണത്തിൽ വല നഷ്ടപ്പെട്ടവർക്ക് ധനസഹായം നൽകുന്ന പദ്ധതിയാണ് പുതുതായി നടപ്പിലാക്കിയിട്ടുള്ളത്. കൂടാതെ പുതുതായി പ്രഖ്യാപിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. മത്സ്യത്തൊഴിലാളികളുടെ ഭവന നിർമ്മാണത്തിനുള്ള ഗ്രാന്റ് 2 ലക്ഷമായി പ്രഖ്യാപിച്ചു.
2. മത്സ്യസമൃദ്ധി എന്ന പുതിയ പദ്ധതി പ്രഖ്യാപിച്ചു.
3. പൊയ്യനെയ്തൽ മാതൃക പൈതൃക ഗ്രാമമാക്കുമെന്ന് പ്രഖ്യാപിച്ചു.
4. മത്സ്യത്തൊഴിലാളികളുടെ വീടുകളുടെ റിപ്പയറിനുള്ള പദ്ധതി.
5. മത്സ്യത്തൊഴിലാളി വനിതകളുടെ പലിശ രഹിത വായ്പ 15,000 രൂപയായി പ്രഖ്യാപിച്ചു.
6. മത്സ്യത്തൊഴിലാളികളുടെ ഇൻഷ്വറൻസ് തുക 3 ലക്ഷമായി വർദ്ധിപ്പിച്ചു.
7. ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിലെ കുട്ടികളുടെ മെസ്സ് ചാർജ്ജ് 1300 രൂപയായി പ്രഖ്യാപിച്ചു.

ബി) മത്സ്യത്തൊഴിലാളി പെൻഷൻ വർദ്ധിപ്പിച്ചിട്ടുണ്ടോ; വർദ്ധന എന്നു മുതൽക്കാണ് നിലവിൽ വന്നത്;

ബി) മത്സ്യ/അനുബന്ധത്തൊഴിലാളികളുടെ പെൻഷൻ 01.04.11 മുതൽ പ്രതിമാസം 400 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

സി) മത്സ്യത്തൊഴിലാളികൾക്കായുള്ള ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി വീടു നിർമ്മിക്കാൻ ഇപ്പോൾ നൽകുന്ന തുക എത്രയെന്ന് അറിയിക്കാമോ ;

സി) കേന്ദ്രാവിഷ്കൃത പദ്ധതി (50%) ആയ ദേശീയ മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പദ്ധതി പ്രകാരം അമ്പതിനായിരം രൂപ ഭവന നിർമ്മാണത്തിന് ഗ്രാന്റായി നൽകിവരുന്നു.

ഡി) പ്രസ്തുത തുക കാലോചിതമായി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

ഡി) തുക വർദ്ധിപ്പിക്കുന്നതിന് കേന്ദ്രസർക്കാരിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

ഇ) മത്സ്യത്തൊഴിലാളികൾക്കായി മണ്ണെണ്ണ ഡീസൽ വിതരണത്തിനായി തീരദേശ മേഖലയിൽ സർക്കാർ വക പമ്പുകൾ ആരംഭിക്കുമോ ;

എഫ്) മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ മണ്ണെണ്ണ വിതരണത്തിനായി കാര്യക്ഷമമായ സംവിധാനം ഏർപ്പെടുത്തുമോ;

ഇ) & എഫ്) പരിശോധിച്ചുവരുന്നതാണ്.

ജി. സംസ്ഥാനത്തെ ഫിഷറീസ് സ്കൂളുകളിൽ കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും പുതിയ കോഴ്സുകൾ അനുവദിച്ച് അദ്ധ്യയനം കാലോചിതമായി പരിഷ്കരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ;

ജി. ഫിഷറീസ് സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി 13-ാം ധനകാര്യ കമ്മീഷൻ അവാർഡിന്റെ ഭാഗമായി 40 കോടി രൂപ അടങ്കൽ വരുന്ന പദ്ധതിയുടെ ആക്ഷൻ പ്ലാൻ സർക്കാരിന്റെ പരിഗണനയിലാണ്. ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളിൽ 8-ാം ക്ലാസ് മുതൽ പത്താം ക്ലാസ്സു വരെ പഠിക്കുന്ന മത്സ്യത്തൊഴിലാളി കുട്ടികൾക്ക് ഭക്ഷണവും താമസസൗകര്യവും സൗജന്യമായി നൽകുന്നു. മറ്റ് കോഴ്സുകൾ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പരിധിയിൽ വരുന്നു.

എച്ച്. ഉന്നത പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള സ്കോളർഷിപ്പ് എല്ലാ വിഭാഗം മത്സ്യത്തൊഴിലാളികളുടെ മക്കൾക്കും ലഭ്യമാകുന്നുണ്ടോ ; ഇല്ലെങ്കിൽ ഇതിന് നടപടികൾ സ്വീകരിക്കുമോ ?

എച്ച്) കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ മത്സ്യത്തൊഴിലാളികളുടെയും മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ